# ഇരുൾ പരത്തുന്നവർ

"തനിക്കറിയാവോ? ഈ മദ്യപാനോം ഒരിന്ത്യൻ പൗരന്റെ മൗലികാവകാശത്തിപ്പെടും"

ഒരു മുതൃന്ന പൗരനും തികഞ്ഞ മദ്യപനുമായ പൗലോസു മേശിരിയാണ് അതുപറഞ്ഞത്. കൂടെയുള്ളത് അയാളുടെ സുഹൃത്തും സഹപണിക്കാരനുമായ ലംബോധരനായിരുന്നു. ബിവറേജസിനോട് ചേർന്നുള്ള തടിയൻ വാകമരത്തിന്റെ മറവിൽ നിന്നുകൊണ്ട് മണിക്കൂറുകളോളം ക്യൂവിൽ നിന്നു വാങ്ങിയ വിലകുറഞ്ഞ മദ്യം പങ്കിടുകയായിരുന്നു അവർ.

"ഉം.. എന്തൊന്ന് മദ്യനിരോധനം, സത്യത്തി ഇതനീതിയല്ലേ ആശാനേ, ഇന്നാട്ടിൽ പാവപ്പെട്ടോനും പണക്കാരനും രണ്ടു നിയമം."

നഗരത്തിലെയൊരു സ്റ്റാറില്ലാത്ത ബാറിലെ 'സ്ഥിരം കുറ്റി'കൂടിയായിരുന്ന ലംബോധരൻ പാതിയും നരച്ചുതിടങ്ങിയ താടി തടവിക്കൊണ്ട് അമർഷമടക്കി. ഇരുവരുടെയും വർത്തമാനം വീക്ഷിച്ച് ക്യൂവിൽ ഏറ്റവും പിന്നിലായി നിൽക്കുകയായിരുന്നു അജയൻ. പൈന്റൊരെണ്ണം വെള്ളംതൊടാതെ അടിച്ചുതീർത്തിട്ട് അവർ പോയതും ഒരു മഴയുടെ വരവായി.

ഇരുചക്രവണ്ടികളിലും ഓട്ടോറിക്ഷകളിലുമൊക്കെ കൂടുതൽ ആളുകൾ വന്നുചേർന്നതോടെ ക്യൂവിനു വീണ്ടും നീളമേറി. സിനിമ കഴിഞ്ഞിറങ്ങിയ ഒരുപറ്റം ചെറുപ്പക്കാർ വരാന്തയുടെ ഒരരികിൽ വട്ടംകൂടിനിന്ന് ഉച്ചത്തിൽ എന്തൊക്കെയോ പറഞ്ഞ് ആർത്ത് ചിരിക്കുന്നുണ്ട്. കനത്ത മഴനൂലുകളെ വകുത്ത് ശക്തിയിലൊരു കാറ്റ് വീശി. പുകമഞ്ഞുപോലെ വരാന്തയിലേയ്ക്ക് എറിച്ചിൽ അടിച്ചുകയറിവന്നു. അജയനെ അടിമുടി കുളിർന്നു. അയാൾ മടിക്കുത്തിൽ നിന്നും ഒരു സിഗററ്റെടുത്ത് ചുണ്ടിൽ തിരുകി. കീശയിൽ നിന്നും ലൈറ്ററെടുത്ത് തീപിടുപ്പിച്ചു. ലൈറ്റർ കീശയിൽ തിരികെയിട്ട് അലക്ഷ്യമായി പുകയൂതിയങ്ങനെ നിൽക്കെ പെട്ടെന്ന് മൊബൈൽ റിങ്ങ് ചെയ്തു. സഹപ്രവർത്തകൻ വിശ്വനായിരുന്നു മറുപുറത്ത്. ഫോൺ ചെവിയോടു ചേർത്തതും തിടുക്കത്തിലയാൾ ക്യൂവിൽനിന്നും ഊർന്നുമാറി. പിന്നൊരു പാച്ചിലായിരുന്നു.

പോകുംവഴി മാർകഴിയുടെ ഫോണിലേയ്ക്ക് പലതവണ വിളിച്ചു നോക്കി. നീണ്ട ബീപ് ശബ്ദത്തിനോടുവിൽ ഫോൺ സ്വിച്ച് ഓഫാണെന്നായിരുന്നു മറുപടി. കാലത്തും അവളെ കണ്ടതാണ്. മിണ്ടിയതുമാണ്. എന്നത്തെയും പോലെ തെളിമയുള്ള പുഞ്ചിരിയും ആ മുഖത്തുണ്ടായിരുന്നു. എന്നാലും ആരോടും പറയാതെ അവളിതെവിടെപ്പോവാനാണ്? ഇനിയെന്തെങ്കിലും ആപത്ത് പിണഞ്ഞതാവുമോ? ഓർത്തപ്പോൾത്തന്നെ നെഞ്ചിനുള്ളിലൊരു വിങ്ങൽ. പറയത്തക്ക ബന്ധുക്കളൊന്നും അവൾക്കുള്ളതായി അറിവില്ല. അത്താണിയിൽ അവൾക്കൊരു അമ്മാവനുള്ളതായി പറഞ്ഞിട്ടുണ്ട്. അമ്മ ലളിതമ്മ വഴിയ്ക്കുള്ള ഏകബന്ധമാണത്. ഏറെക്കാലമായിട്ട് അവരുമായി അകൽച്ചയിലുമാണ്. അവളുടെ അച്ഛൻ രങ്കച്ചാമിയൊരു തമിഴനായിരുന്നു. വർഷങ്ങൾക്ക് മുൻപേ അയാളവരെ ഉപേക്ഷിച്ച് കടന്നുകളഞ്ഞതാണ്.

വിശ്വൻ പറഞ്ഞിടത്തെത്തി മൊബൈലെടുത്ത് അയാളെ വിളിക്കാൻ മുതിരുമ്പോൾ അകലത്തുനിന്നും ബൈക്കിന്റെ ശബ്ദം കേട്ടു. വിശ്വൻ തന്നെയായിരുന്നു അത്. അയാളുടെ ബൈക്കിനു പിന്നിൽക്കയറി മാർകഴിയുടെ വീട്ടിലേയ്ക്ക് തിരിച്ചു. റെയിൽവേ കോളനിയുടെ പടിഞ്ഞാറെ മുനമ്പിൽ കായലിനോട് ചേർന്നാണ് അവളുടെ വീട്. മാർകഴിയെന്ന മൊഞ്ചുള്ള പേരവൾക്കു സമ്മാനിച്ചത് അച്ഛൻ രങ്കച്ചാമിയാണ്. തമിഴും മലയാളവുമവൾക്ക് ഒരുപോല വഴങ്ങും. തൊണ്ണൂറുകളുടെ ആരംഭത്തിലായിരുന്നു റയിൽവേയിൽ കരാറുപണിയ്ക്കായി രങ്കച്ചാമി ആലുവയിലെത്തുന്നത്.

കായലോരത്തേയ്ക്ക് നീളുന്ന ഇടവഴിയിലൂടെ വിശ്വൻ ബൈക്ക് പായിച്ചു. മഴയ്ക്ക് ശക്തി കുറഞ്ഞിരുന്നു. വീടെത്തും മുന്നേതന്നെ ലളിതമ്മയുടെ അലമുറയും നെഞ്ചത്തടിയും കേട്ടു. ഉമ്മറപ്പടിയിൽ ചടഞ്ഞിരിയ്ക്കുകയാണവർ. ഇളയ മകൾ മഞ്ജരിയും അരികത്തുണ്ട്. ചുറ്റിലും കാര്യമാരാഞ്ഞെത്തിയ കുറച്ചാളുകൾ കൂടിനിൽപ്പുണ്ടായിരുന്നു. അജയനെ കണ്ടതും ലളിതമ്മയുടെ ഭാവം മാറി. അവർ പിടഞ്ഞെണീറ്റ് ഉൻമാദം ബാധിച്ചപോലെ അയാളുടെ അടുത്തേയ്ക്ക് പാഞ്ഞ് ചെന്നു

"എന്റെ മോളെവിടെ ? പറയെടാ... നീ അവളെ എന്നതാ ചെയ്തെ?"

കരണത്തൊന്നു പൊട്ടിച്ച ശേഷം ചുമലിൽ പിടിച്ചുലച്ചുകൊണ്ടായിരുന്നു ചോദ്യം. അപ്രതീക്ഷിതമായി കിട്ടിയ അടിയിലും അതിലുമേറെ ആ ചോദ്യത്തിനും മുന്നിൽ അജയൻ കിടുങ്ങിപ്പോയി. ചുറ്റും കൂടിനിൽക്കുന്നവർ ഒരു കുറ്റവാളിയെപ്പോലെ നോക്കുന്നു. ശബ്ദം നഷ്ടപ്പെട്ടതു പോലെ അൽപ്പനേരത്തേക്ക് കുഴങ്ങിനിന്ന അയാൾ ദയനീയമായി വിശ്വനെ നോക്കി.

"നിങ്ങളിതെന്താ ചേച്ചീ പറേണത്, അവനെന്തോ ചെയ്തെന്നാ? വെറുതേ അവന്റെ മെക്കിട്ടുകേറാണ്ട് ഒന്ന് മാറിയ്ക്കേ.." വിശ്വൻ അജയന്റെ രക്ഷയ്ക്കെത്തി.

“വിവരമറിഞ്ഞ് ഓടിപ്പാഞ്ഞു വരാരുന്ന്.. അപ്പഴാ അവരടെ.. ” അയാൾ അരിശത്തോടെ മുറുമുറുത്തു.

“ഞാമിന്നെ ആരോട് ചോദിയ്ക്കണം. നീ തന്നെ പറ. ഒളിഞ്ഞും മറഞ്ഞും ഏതുനേരത്തും അവളിവന്റെകൂടെയല്ലാരുന്നോ കറക്കം.” അവർ നിന്ന് കിതച്ചു.

“ ചേച്ചിയൊന്ന് സമാധനിക്ക് , എന്തായാലും ഞങ്ങളൊന്നന്വേഷിക്കട്ടെ..”

അജയനെയും വിളിച്ച് വിശ്വൻ ബൈക്കിനു നേരെ നീങ്ങി. മാർകഴി പുറംജോലിയ്ക്കായി പോവുന്ന വീടുകളൊക്കെ അജയനറിയാം. ആ വഴിക്ക് തന്നെ അവർ അന്വേഷണം തുടങ്ങി. പെട്രോൾ പമ്പിനടുത്തുള്ള ആയുർവേദ ഡോക്ടറുടെ വീട്ടിലേയ്ക്കാണ് ആദ്യം പോയത്. അയാളും ഭാര്യയും സിറ്റൌട്ടിൽത്തന്നെ ഉണ്ടായിരുന്നു. ആഗമനലക്ഷ്യം ആരാഞ്ഞ ശേഷം ഡോക്ടറുടെ ഭാര്യ പറഞ്ഞു.

“ഞങ്ങളും അതെക്കുറിച്ചുതന്നെയാ പറഞ്ഞോണ്ടിരുന്നത്. അവടമ്മയിങ്ങോട്ട് വിളിച്ചിരുന്നു. എന്നാലും ആ കുട്ടിയിതെവിടെപ്പോയതാ.?” വിഷമത്തോടെ അവർ താടിയ്ക്ക് വിരൽ ചേർത്തു.

“ പോലീസിൽ അറിയിക്കാമാരുന്നില്ലേ....?”

“അറിയിക്കണം...” അജയൻ പറഞ്ഞു. സംശയദൃഷ്ടിയോടെ അയാൾ ചുറ്റുപാടുകൾ വീക്ഷിയ്ക്കുകയായിരുന്നു. ഇരുനില വീടാണ്. ആഡംബരങ്ങൾക്കൊന്നും കുറവില്ല. ചൂരൽക്കസേരയിൽ വിഷണ്ണനായിരുന്ന ഡോക്ടറെയൊന്ന് പാളി നോക്കി. ചുവന്ന കരയുള്ള കാവിമുണ്ട് മാത്രമാണ് അയാളുടെ വേഷം. മുഖത്ത് യൗവ്വനം വിട്ടകന്നതിന്റെ അടയാളങ്ങൾ. മെലിഞ്ഞ നെഞ്ചിടത്തിൽ രോമങ്ങൾ മുക്കാലും നരച്ചിരിയ്ക്കുന്നു. നാട്ടാർക്കൊക്കെ പ്രീയപ്പെട്ടവനാണയാൾ. സാധു മനുഷ്യൻ. ആദ്യമങ്ങനെ നിനച്ചെങ്കിലും എന്തുകൊണ്ടോ പെട്ടന്നയാളുടെ മനസ്സു വിലക്കി. പാടില്ല, ഒരുത്തരെയും കണ്ണടച്ചങ്ങ് വിശ്വസിച്ചുകൂടാ. കാലമതാണ്. ഒരുപക്ഷേ, ഈ ആഭിജാത്യത്തിന്റെ ആവരണത്തിനുള്ളിലും ഒരു മൃഗം ഒളിഞ്ഞിരിപ്പുണ്ടെങ്കിലോ?.

ഡോക്ടറുടെ മകനപ്പോൾ ഐപാഡിൽ വിരൽ തെന്നിച്ച് ഇയർ ഫോണിലൂടെ ആരുമായോ സംസാരിച്ചുകൊണ്ട് ധൃതിയിൽ പുറത്തേയ്ക്ക് വന്നു. ഗള്ളിറ്റ് സ്റ്റൈലിൽ തലയിൽ തേനീച്ചക്കൂടുപോലെ വളർന്നിറങ്ങിയ അവന്റെ ചുരുളൻമുടിയിലേയ്ക്ക് അജയൻ കൗതുകത്തോടെ നോക്കി. അയഞ്ഞ ബനിയനും ബർമുടയുമാണ് വേഷം. മാർകഴി പറയാറുള്ള ന്യൂജെൻ ചെത്ത് പയ്യൻ ഇവനാവണം. മുറ്റമടിയ്ക്കുമ്പോൾ പിന്നിൽ വന്ന് പൃഷ്ഠഭാഗത്തു തട്ടാറുള്ള, നിറഞ്ഞ മാറിടം കാട്ടി ഫോട്ടോയ്ക്ക് പോസ് ചെയ്യാൻ ഇടയ്ക്കിടെ അവളോടാശ്യപ്പെടാറുള്ള വിരുതൻ. അജയന്റെയുള്ളിൽ വീണ്ടും സംശയത്തിന്റെ കടലിരമ്പി. ഇറയത്ത് നിന്ന ഇരുവരെയും അപരിചിതത്വത്തോടെ നോക്കിയിട്ട് പയ്യൻ ബുള്ളറ്റിൽ കയറി ഓടിച്ചു പോയി.

അടുത്തത് ഇലക്ട്രിസിറ്റി ബോർഡിൽ ഓവർസിയർ ആയി വിരമിച്ച കുര്യാക്കോസിന്റെ വീടാണ്. ലെവെൽ ക്രോസ് കടന്ന് അവിടേയ്ക്ക് പോകവേയാണ് പൊടുന്നനെ വിശ്വനൊരു സംശയം ഉന്നയിച്ചത്.

“ഇനിയാ രങ്കച്ചാമി വല്ലോം വന്ന് കൂട്ടിക്കൊണ്ട് പോയിരിയ്ക്കുമോ..? ”

അത്തരമൊരു സംശയം ഇത്രനേരവും തന്റെ തലയ്ക്കുള്ളിൽതോന്നാതിരുന്നതിൽ അജയൻ അത്ഭുതപ്പെട്ടു. അതിനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. കാതടപ്പിയ്ക്കുന്ന ഇരമ്പത്തോടെ ഒരു തീവണ്ടിയപ്പോൾ അവർക്കരുകിലൂടെ പാഞ്ഞുപോയി.

അവർ ചെല്ലുമ്പോൾ ടെറസിനു മുകളിലൂടെ ആയത്തിൽ കൈകൾ വീശി അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു കുര്യാക്കോസ്. അവരെക്കണ്ട് അയാൾ താഴേയ്ക്കിറങ്ങിവന്നു. ഏഴുപതിനോടടുത്ത് പ്രായം തോന്നിക്കും. നിരത്തിലെ ശുനകപ്പടയെ ഭയന്നാണെന്ന് തോന്നുന്നു അയാളുടെ സായാഹ്നനടത്തമിപ്പോൾ വീടിനുമുകളിലൂടെയാണ്. ഒരു പ്രായംചെന്ന സ്ത്രീ മുറ്റത്തേയ്ക്കിറങ്ങിവന്ന് ആഗതരെ ചുഴിഞ്ഞു നോക്കി. അതയാളുടെ അമ്മയാവണം. വെയിസ്റ്റ് വണ്ടിയുമായി ആ വഴി ചെല്ലാറുള്ള അജയനെ അയാൾക്ക് പരിചയമുണ്ട്. മാർഗ്ഗഴിയുമായുള്ള അടുപ്പവുമറിയാം. ലളിതമ്മ വിളിച്ച് കുര്യാക്കോസും വിവരമറിഞ്ഞിരുന്നു. പുറംപണിയ്ക്ക് മറ്റൊരാളെ കണ്ടെത്തുന്നതിന്റെ തത്രപ്പാടിലാണയാൾ. ആധിപിടിച്ചുള്ള അജയന്റെ ചോദ്യങ്ങൾക്കൊക്കെ അവജ്ഞയോടെയായിരുന്നു അയാളുടെ മറുപടികൾ.

“ ഇപ്പഴത്തെ കിഴവൻമാരെയും സൂക്ഷിക്കണം. ” ഇറങ്ങുമ്പോൾ അരിശത്തോടെ വിശ്വൻ പറഞ്ഞു.

ഓവർ ബ്രിഡ്ജിനടിയിലൂടെ അവർ വടക്കോട്ട് ബൈക്കോടിച്ചു. മഴ വീണ്ടും ശക്തിയിൽ ചാറാൻ തുടങ്ങിയിരുന്നു. ഇരുട്ടിക്കഴിഞ്ഞാൽ അവിടമെല്ലാം നാടോടികളുടെ വിഹാരകേന്ദ്രങ്ങളാണ്. നനവിറങ്ങാത്ത ഭാഗങ്ങളിൽ ചിലർ പായവിരിച്ചിട്ട്, ചുറ്റും ചതുരത്തിൽ സാരി വലിച്ചുകെട്ടി മറവുണ്ടാക്കി ഉറങ്ങാൻ തയ്യാറെടുക്കുന്നു. പുകവിഴുങ്ങി കിറുങ്ങിയ ചിലർ വെറും നിലത്ത് കിടന്ന് ബോധംകെട്ടുറങ്ങുന്നുണ്ട്. നാടും വീടും കൂടുമൊന്നുമില്ലാത്തവർ. തെരുവോരങ്ങളിലാണല്ലോ അവരുടെ ജനനവും മരണവും പ്രണയവും ഇണചേരലുമെല്ലാം. മുഷിഞ്ഞ വസ്ത്രങ്ങൾ കൂട്ടിയിട്ടതിനുമേൽ കൊച്ചു കുട്ടികൾ കുത്തിമറിയുന്നു. ലഹരിയുടെ പുലമ്പലുകൾ ഇടയ്ക്കൊക്കെ പലയിടത്തുനിന്നും പൊന്തിവന്നു.

അടുത്ത വീടിന്റെ വലിയ ഗേറ്റിന് മുൻപിൽ ഏറെനേരം നില്ക്കേണ്ടി വന്നു. ശൗര്യത്തോടെ ഡോബർമാൻ കുരച്ചു ചാടുന്നുണ്ട്. പട്ടിയുടെ ബഹളം കേട്ടാവണം ആരോ പുറത്തേയ്ക്ക് വന്നു. കത്രിച്ചുവെടിപ്പാക്കിയ താടിയും അത്യാവശ്യം തടിയുമുള്ള ഒരു മദ്ധ്യവയസ്ക്കൻ.

"നിങ്ങളാരാ.. " ഗേറ്റിങ്കലെത്തി ഗൗരവത്തോടെയായിരുന്നു ചോദ്യം. മാർകഴി മിയ്ക്കപ്പോഴും ആദ്യം ജോലിക്കെത്തുന്നത് അവിടെയാണ്. മുറ്റമടിയും പാത്രം മോറലും അത്യാവശ്യം അലക്കും കഴുകലുമൊക്കെ നടത്തി രാവിലത്തെ ഭക്ഷണവും കഴിച്ച ശേഷമാണ് അവിടെനിന്നും പോവുക. അന്നും സമയത്ത് തന്നെ അവൾ പോയെന്ന് അയാൾ പറഞ്ഞു. ഭാര്യയെ വിളിച്ച് അക്കാര്യം ഉറപ്പിയ്ക്കയും ചെയ്തു.

" പോലീസിലറിയിച്ചില്ലേ..? " അജയനെ അടിമുടി വീക്ഷിച്ച് ഭാര്യ ദേഷ്യത്തോടെ ചോദിച്ചു.

" ഇല്ല. ഒന്നൂടൊന്നന്വേഷിച്ചിട്ട്..."

ആ വഴിയ്ക്കുള്ള അന്വേഷണം അവിടം കൊണ്ടവസാനിപ്പിച്ചു. എല്ലായിടത്തും അന്നവൾ ജോലിയ്ക്ക് ചെന്നിട്ടുമുണ്ട്, അതതു സമയങ്ങളിൽ തിരികെപ്പോയിട്ടുമുണ്ട്. അടുത്ത നാൽക്കവലയിൽ ബൈക്ക് നിർത്തി ഇനിയെങ്ങോട്ടെന്ന ചോദ്യരൂപേണ ബെന്നി അജയനെ നോക്കി. അവന്റെ നിർദ്ദേശ പ്രകാരം ബസ്റ്റാന്റിലും റെയിൽവേ സ്റേഷനിലുമൊക്കെ ഏറെനേരം തിരഞ്ഞു. ഒടുവിൽ നിരാശരായി മടങ്ങി. മാർകഴി വീട്ടിലേയ്ക്ക് പോവാറുള്ള വഴിയിലൂടെത്തന്നെ അവർ തിരികെ ബൈക്കോടിച്ചു. വഴിയിൽക്കണ്ടരോടൊക്കെ വിവരം തിരക്കി. അസ്വാഭാവികമായി ആരുമൊന്നും കണ്ടിട്ടില്ല.

"എന്നാലും അവളിതെവിടെപ്പോയൊളിച്ചെടാ.. ഇനിവല്ല കടലിലും ചാടി ചത്തോ.. അതോ അവടമ്മ പറേണപോലെ നീയിനി എന്തേലും കുരുത്തക്കേടോപ്പിച്ചോ..? "

പെട്ടെന്നായിരുന്നു തമാശരൂപേണ വിശ്വന്റെ ചോദ്യം. പക്ഷെ, അനവസരത്തിലുള്ള ആ ഡയലോഗ് അജയനെ ചൊടിപ്പിച്ചു. അയാൾക്കു കലികയറി.

"നിർത്തെടാ വണ്ടി.." ബെന്നിയുടെ പിൻകഴുത്തിൽ കുത്തിപ്പിടിച്ച് അയാൾ ബൈക്ക് നിർത്തിച്ചു. അരിശത്തോടെ വണ്ടിയിൽ നിന്നും ചാടിയിറങ്ങി വന്നവഴിയിലൂടെത്തന്നെ അയാൾ പിന്നോട്ട് നടന്നു. വിശ്വനാകെ വിളറിപ്പോയി. പറയേണ്ടിയിരുന്നില്ല. അങ്ങനെ പറയാൻ തോന്നിയ നിമിഷത്തെ ശപിച്ച് അയാൾ തിരികെ വീട്ടിലേയ്ക്ക് ബൈക്ക് പായിച്ചു.

അജയൻ കടൽക്കരയിലേയ്ക്കാണ് പോയത്. രാവേറെ വൈകിയിരുന്നു. വിജനമായ തീരം. മനസ്സും ശരീരവും ഒരുപോലെ തളരുന്നുണ്ടായിരുന്നു. നനഞ്ഞ പഞ്ചാരമണലിൽ അസ്വസ്ഥതയോടെ ഇരുന്നു. മഴയകന്ന ആകാശത്ത് ചിതറിയ നക്ഷത്രങ്ങളെ നോക്കി അയാൾ ഖിന്നനായി. സംശയം വീണ്ടും രങ്കച്ചാമിയിലേയ്ക്കു തന്നെ നീളുന്നു. അയാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നൊന്നും നിശ്ചയമില്ല. അച്ഛനെന്നുവച്ചാൽ അവൾക്കു ജീവനായിരുന്നു. തിരിച്ചും അങ്ങനെത്തന്നെ. അവളെയും അനിയത്തിയെയും അയാൾ പൊന്നുപോലെയാണ് നോക്കിയിരുന്നത്. നന്നായി കഷ്ടപ്പെടുമായിരുന്നു.

"എന്റപ്പാവൊണ്ടാരുന്നേ എന്നയിങ്ങനെ വീട്ടുവേലയ്ക്കൊന്നും വിടൂല്ല. കോളജിവിട്ട് പഠിപ്പിച്ചേനെ.."

മാർകഴി പലപ്പോഴും പറയാറുണ്ടായിരുന്നു. പത്തു പാസ്സായിട്ടും തുടർന്നുപഠിയ്ക്കാൻ ലളിതമ്മയവളെ വിടാത്തതിന്റെ അമർഷവുമുണ്ടായിരുന്നു ആ വാക്കുകളിൽ.

"അമ്മാവുടെ പള്ളും ചീത്തേം സഹിയ്ക്കാണ്ടാ എന്റപ്പാ പോയത്.. "

അതോർക്കുമ്പോൾ അവളുടെ കണ്ണുനിറയും. എങ്കിലും ഏഴെട്ട് വർഷങ്ങൾക്കിപ്പുറം അയാൾ വീണ്ടും വരുമെന്നും മകളെ കൂട്ടിക്കൊണ്ടു പോകുമെന്നും കരുതാനേ കഴിയുന്നില്ല. എങ്ങും ഒരെത്തും പിടിയും കിട്ടാതെ ചിന്തകൾ കാടുകയറി.

അജയൻ മണലിലേയ്ക്ക് മലർന്നു കിടന്നു. മാർകഴിയുടെ മുഖം മനസ്സിൽ നിറച്ച് അയാൾ കണ്ണുകളടച്ചു. പതഞ്ഞെത്തുന്ന തിരമാലകളുടെ തലോടലിൽ മാർകഴി കിലുങ്ങിച്ചിരിയ്ക്കുന്നു. അവളുടെ നനഞ്ഞ വിരലുകൾ തന്റെ വിരലുകൾക്കിടയിൽ നിന്നും വഴുതാൻ വെമ്പുകയാണ്. കൈവിടുവിച്ച് വീണ്ടും വീണ്ടുമവൾ മുന്നോട്ടു പോകാൻ ശ്രമിയ്ക്കുന്നു. ആർത്തുല്ലസിയ്ക്കാൻ, ആനന്ദിയ്ക്കാൻ, കൂടുതൽ കൂടുതൽ ആഴങ്ങളിലേയ്ക്ക്. കാന്തം പച്ചിരുമ്പിനെയെന്നപോലെ കടലമ്മയവളെ ആകർഷിച്ചടുപ്പിയ്ക്കുന്നു. ഏറെ ബുദ്ധിമുട്ടേണ്ടി വന്നു അന്നവളെ കരയ്ക്ക് കയറ്റാൻ.

"യ്യോ.. എന്റെ കൊലുസ്സ്..." കൊച്ചുകുട്ടിയെപ്പോലെ അവൾ വിതുമ്പി. വലതുകാലിലെ കൊലുസ്സ് കാണുന്നില്ല. മണലിലെവിടെയോ ഊർന്നു പോയിട്ടുണ്ടാവും. അത്രയ്ക്കായിരുന്നല്ലോ ആവേശം.

"അമ്മാവെന്നെ കൊല്ലും" മാർകഴിയുടെ കണ്ണ് നിറഞ്ഞു. ആ കണ്ണുകൾ നനഞ്ഞത് സഹിച്ചില്ല. അന്നുതന്നെ പുതിയത് രണ്ടെണ്ണം വാങ്ങിക്കൊടുത്തു.

അരികത്തുനിന്നും കേട്ട എന്തൊക്കെയോ അപശബ്ദങ്ങൾ അയാളുടെ ഓർമ്മകളേ മുറിച്ചു. കണ്ണ് തുറന്ന് നാലുപാടും നോക്കി. മൂളലും മുറുമലുമായി ചുറ്റിലും ഒരുപറ്റം തെരുവ് പട്ടികൾ. മെല്ലെ എഴുന്നേറ്റ് വീട്ടിലേയ്ക്കു നടന്നു. മകനെക്കണ്ടതും തങ്കമണി ഒച്ചയെടുക്കാൻ തുടങ്ങി.

" നിനക്കെന്തിന്റെ പ്രാന്താ.. കണ്ട തേവിടി.."

" വേണ്ട.. നിർത്ത്, അവളെക്കുറിച്ചങ്ങനെ പറഞ്ഞാൽ അമ്മേടെ നാവു പുഴുക്കും" അയാളവരുടെ വായ പൊത്തി.

" ഹല്ല.. നിനക്കുവല്ലോം അറിയണോ... അവടെ തള്ളയിന്ന് എന്തൊക്കെയാ പറഞ്ഞേച്ച് പോയേന്ന്. നീയാ പെണ്ണിനെ വശീകരിച്ച് കൊണ്ടുപോയി കാര്യം കണ്ടേച്ച് കൊന്നതാണെന്ന്. അവര് പോലീസിൽ പരാതി കൊടുക്കുംപോലും. തോട്ടികളെന്നു വിളിച്ചാരുന്നു ആക്ഷേപം. പിന്നെ, പുഴുത്ത തെറീം. നിന്റപ്പനേം പറഞ്ഞു. തോട്ടിപ്പണിയാണേലും അതിയാൻ അന്തസൊള്ളോനാരുന്നു."

കണ്ണു തുടച്ചോണ്ട് തങ്കമണി ചായ്പ്പിലേയ്ക്ക് പോയി. അവരുടെ ഭർത്താവ് ശശാങ്കനും കോർപറേഷനിലെ ജീവനക്കാരനായിരുന്നു. ഇടതടവില്ലാതെ ബീഡി പുകച്ചിരുന്ന അയാൾ ക്ഷയരോഗം വന്നാണ് മരിച്ചത്. അപ്പന്റെ മരണത്തോടെ മകന്റെ ചുമലിൽ ചുമതലകളേറി. മുച്ചക്രവണ്ടിയുമായി അയാളും അപ്പന്റെ സഹപ്രവർത്ത കർക്കൊപ്പം കൂടി. ആദ്യമൊക്കെ മാലിന്യങ്ങളുടെ രൂക്ഷഗന്ധമേൽക്കുമ്പോൾ അയാൾക്ക് മനംപുരട്ടുമായിരുന്നു. പിന്നെപ്പിന്നെ എല്ലാം ശീലമായി. ശ്വസനഗ്രന്ഥികൾ ആ അധമഗന്ധങ്ങളോട് പൊരുത്തപ്പെട്ടു തുടങ്ങി.

മുറിയുടെ മൂലയ്ക്കിട്ട മരക്കട്ടിലിൽക്കയറി അയാൾ കണ്ണുകളടച്ചുകിടന്നു. അശുഭചിന്തകൾ മനസ്സിനെ ചുട്ടുപൊള്ളിയ്ക്കുന്നു. പാതിരകഴിഞ്ഞെപ്പോഴോ അറിയാതെ ഉറക്കത്തിലേയ്ക്ക് വഴുതി. പുലരുന്നതിന് തൊട്ടു മുൻപായി അയാളൊരു ദുഃസ്വപ്നം കണ്ടു.

സ്വപ്നത്തിൽ, മാലിന്യങ്ങൾപുരണ്ട് അയാളുടെ കൈകൾ വഴുവഴുത്തിരുന്നു. അഴുകിയ ജഡത്തിന്റെതുപോലെ അസഹ്യമായ ഗന്ധം മൂക്കിലേയ്ക്ക് തുളച്ചുകയറുന്നുണ്ട്. കൈകളിൽ നിന്നും തെന്നി മുച്ചക്രവണ്ടി ഇറക്കത്തിലൂടെ താനേ ഉരുളാൻ തുടങ്ങി. പിന്നാലെ അയാൾ ഓടിച്ചെന്നു. എതിരേ വന്ന സൈക്കിളുകാരൻ ഉച്ചത്തിൽ എന്തെല്ലാമോ അസഭ്യം പുലമ്പുന്നുണ്ടായിരുന്നു. ആരൊക്കെയോ അയാളുടെ വണ്ടിയ്ക്കുള്ളിൽ നിറയെ മാലിന്യങ്ങൾ നിക്ഷേപിച്ചു കടന്നുപോയി. അഴുകിയ മണം അധികരിച്ചപ്പോൾ ആകാംഷയോടെ വണ്ടിയ്ക്കുള്ളിൽ പരതി. പുഴുനുരയ്ക്കുന്ന മാലിന്യങ്ങൾക്കിടയിൽ അവ്യക്തമായി അയളതു കണ്ടു. മാംസം ഇറുന്നു തുടങ്ങിയ രണ്ടു പാദങ്ങൾ. നിറയെ രക്തം ഉണങ്ങിപ്പിടിച്ച, അവയെ ചുറ്റപ്പെട്ട തിളങ്ങുന്ന രണ്ടു വെള്ളിപ്പാദസ്വരങ്ങൾ അയാൾ പെട്ടെന്ന് തിരിച്ചറിഞ്ഞു.

" അമ്മേ...." അജയൻ നിലവിളിച്ചുപോയി.

തങ്കമണി മകനെ തട്ടിവിളിച്ചു. നേർത്ത വിറയലോടെയാണ് അയാൾ കണ്ണ് തുറന്നത്. കണ്ടത് സ്വപ്നമോ യാഥാർത്ഥ്യമോ എന്ന് തിട്ടപ്പെടുതാനാവാതെ അയാൾ കുഴങ്ങി. ട്രാക്കിനപ്പുറത്ത് റോഡിൽ ഏതോ വാഹനത്തിന്റെ ശബ്ദം. പെട്ടന്ന് വിസിൽ മുഴങ്ങി. അജയൻ പിടഞ്ഞെണീറ്റ് വാതിൽക്കലേയ്ക്കു ചെന്നു. പോലീസാണ്. ലളിതമ്മയും ഇളയമകളുമുൾപ്പടെ പുറത്ത് ആൺപെൺപടതന്നെയുണ്ട്. അനുസരണയോടെ പോലീസുകാർക്കൊപ്പം നടക്കുമ്പോൾ ഏവരും അവജ്ഞയോടെ അയാളെ നോക്കുന്നുണ്ടായിരുന്നു. പോലീസ് വാഹനം അകന്നുപോയതോടെ എല്ലാവരും പലവഴി പിരിഞ്ഞു.

സ്റേഷനിലെത്തിച്ച്, എസ് ഐ ഷാനവാസിന്റെ ആദ്യചോദ്യങ്ങളോരോന്നും സേനയുടെ ആപ്തവാക്യം പോലെ 'മൃദു ഭാവേ' തന്നെയായിരുന്നു. അജയനു നേരിയ ആശ്വാസം തോന്നി. സത്യങ്ങളത്രയും പിഴവില്ലാതെ വെളിപ്പെടുത്തിയാൽ തടികേടാകാതിരിക്കും എന്നൊരു മുന്നറിയിപ്പ് ആദ്യമേ അയാൾ നൽകി. പക്ഷേ, ഷാനവാസിന്റെ തിരിച്ചും മറിച്ചുമുള്ള ഓരോ ചോദ്യങ്ങൾക്കും അജയന്റെ മറുപടികൾ സ്വന്തം നിരപരാധിത്വം ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ മാത്രമായതോടെ ചോദ്യം ചെയ്യലിന്റെ രീതി മാറി. നിമിഷങ്ങൾക്കകം തന്നെ

അയാൾ വിവസ്ത്രനാക്കപ്പെട്ടു. പോലീസുകാർക്കിടയിൽ അടിവസ്ത്രം മാത്രം ധരിച്ച് അജയൻ നിന്നു. തലേന്നത്തെ പട്ടിണിയും ഉറക്കളപ്പും സാറന്മാരുടെ കൈമുട്ടുകൊണ്ടു മുതുകത്തുള്ള പ്രയോഗവും കൂടിയായപ്പോൾ അയാളുടെ ശരീരം വില്ലുപോലെ വളഞ്ഞുപോയി. കണ്ണുകൾ തുളുമ്പി. മൂക്കിലും വായിലും രക്തം കിനിഞ്ഞു.

"കാര്യം കണ്ടുകഴിഞ്ഞിട്ട് കാച്ചിക്കളഞ്ഞു അല്ലേടാ? " ഒരു മെലിഞ്ഞ പോലീസുകാരൻ മുൻപോട്ടുവന്ന് അജയന്റെ വലതുകാലിലെ പെരുവിരലിൽ ആഞ്ഞു ചവുട്ടി. അയാൾ വേദനകൊണ്ടു പുളഞ്ഞുപോയി.

"കൊന്നതെങ്ങനാടാ? കഴുത്തു ഞെരിച്ചാണോ? അതോ കത്തി പള്ളക്കുകേറ്റിയോ?. പ്ഫ.. സത്യം പറഞ്ഞോണം."

കട്ടമീശയും കൈകളിൽ ഉരുണ്ട മസിലുകളും, കട്ടവർഗ്ഗീസെന്നു നാട്ടുകാരാൽ വിളിപ്പേരുമുള്ള തടിച്ച പോലീസുകാരൻ നാഭിക്ക് മുട്ടുകാലു കേറ്റിയതിനോപ്പം അലറിച്ചോദിച്ചു. മുതിർന്ന രണ്ടു പെണ്മക്കളുടെ പിതാവു കൂടിയായതിനാലാവാം പീഡനമെന്നു കേട്ടാൽത്തന്നെ അയാൾക്ക് കലിയിളകും.

"പറയെടാ നായെ.. ശവമെന്നിട്ട് നീ എവിടെക്കൊണ്ടാ ഒളിപ്പിച്ചേക്കുന്നെ? "

നാവൊന്നനക്കാനുള്ള സാവകാശം നല്കാതെ ഉടനടി അടുത്ത ചോദ്യവും വന്നു. അതിനൊപ്പം തന്നെ ചെകിടടച്ച് അടിയും വീണു. അജയൻ അലറിക്കരഞ്ഞു പോയി.

അയാൾ മുന്നോട്ടാഞ്ഞ് അജയന്റെ തലപിടിച്ച് ഭിത്തിയിലിടിപ്പിച്ചു. എന്നിട്ട്, അശ്ലീലമെന്തോ പുലമ്പിക്കൊണ്ട് അയാളുടെ വൃഷണങ്ങൾ പിടിച്ചു ഞെരിച്ചു. കടുത്ത വേദനകൊണ്ട് അജയൻ നിലവിളിച്ചു. പുകപോലെ കണ്ണുകളിൽ ഇരുട്ടു നിറയുന്നത് അയാളറിഞ്ഞു. അടഞ്ഞ നിലവിളിയോടെ തലകറങ്ങി അയാൾ നിലത്തേയ്ക്കിരുന്നുപോയി. ജഢസമാനനായി വെറും നിലത്ത് അജയൻ തളർന്നു കിടന്നു.

പിറ്റേന്നു കാലത്ത്, ഒരെട്ടു മണിയോടടുത്തസമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു പോലീസുകാരൻ ധൃതിയിൽ വന്ന് ലോക്കപ്പ് തുറന്നു. സിമന്റു തറയിൽ തലചേർത്ത് ചെരിഞ്ഞു കിടക്കുകയായിരുന്നു അജയൻ. നീരുകെട്ടിയടഞ്ഞ കൺപോളകൾ പാടുപെട്ടുതുറന്ന് കിടന്നകിടപ്പിൽത്തന്നെ അജയനയാളെ പകച്ചുനോക്കി. ഇനിയൊരു മർദ്ദനം കൂടി താങ്ങാനുള്ള ശേഷി തന്റെ ശരീരത്തിനില്ലെന്ന് അയാൾക്കറിയാമായിരുന്നു.

" ഒന്നു വേഗം എഴുന്നേക്കെടാ.. ഒരു ഗുഡ് ന്യൂസുണ്ട് "

നുറുങ്ങുന്ന വേദനകൾ ഒരുനിമിഷത്തേയ്ക്കുമറന്ന് പിടഞ്ഞെണീറ്റ അജയൻ പ്രതീക്ഷയോടെ അയാളുടെ മുഖത്തേയ്ക്കു നോക്കി.

" ആ പെണ്ണിനെ കിട്ടീട്ടുണ്ട്. ഇന്നലെ രാത്രി പാലക്കാട്ടൂന്നാ. നിന്നെ വിട്ടേക്കാൻ സാറിപ്പം വിളിച്ചു പറഞ്ഞു."

അജയന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. പോലീസുകാരൻ നടന്നതൊക്കെയും വിശദീകരിച്ചു.

"കോയമ്പത്തൂർക്ക് കടത്താനാരുന്നു പ്ലാൻ. പണ്ടെങ്ങോ നാടുവിട്ടുപോയ അപ്പനെ കാണിക്കാമെന്നു പറഞ്ഞാ കൂട്ടിക്കൊണ്ടു പോയത്. എന്തോ സംശയം തോന്നി സിഗ്നലിൽ വണ്ടി നിർത്തിയപ്പം പെങ്കൊച്ച് ഇറങ്ങിയോടുകയാരുന്നു. അവൾടെ തള്ളയും കൂടി അറിഞ്ഞോണ്ടുള്ള കളിയാ. പ്രതികളിലൊരുത്തൻ അവരുടെ കാമുകനാ. സത്യത്തിൽ, ഈ നായിന്റെമോളെയൊക്കെ വെടിവച്ച് കൊല്ലണം"

അയാൾ അരിശമടക്കാൻവേണ്ടി ഷൂസിട്ടു തറയിൽ ആഞ്ഞു ചവുട്ടി. മറ്റൊരു പോലീസുകാരൻ തലേന്ന് ഊരിമാറ്റിയ അജയന്റെ വസ്ത്രങ്ങളുമായി വന്നു.

"നിനക്ക് ചായ വല്ലതും വേണോ? "

രെജിസ്റ്ററിൽ സൈൻ ചെയ്ത ശേഷം പുറത്തേയ്ക്കിറങ്ങാൻ തുടങ്ങുമ്പോൾ ഒരു പോലീസുകാരൻ അടുത്തുവന്നു ചോദിച്ചു. അയാൾക്കുനേരെ നിർജ്ജീവമായൊന്നു നോക്കിയിട്ട് ഒന്നും പറയാതെ അജയൻ ഇറങ്ങി നടന്നു.

**അഭിലാഷ് രവീന്ദ്രൻ**